പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1746 18-06-2012 -ൽ മറുപടിക്ക്.

## താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ. | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഭവന നിർമ്മാണ വായ്പ എടുത്ത ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ; | (എ) | വികസന ബ്ലോക്കുകൾ വഴി നടപ്പിലാക്കിയ വില്ലേജ് ഹൗസിംഗ് പ്രോജക്റ്റ്, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള വായ്പാ കുടിശ്ശിക മുതലും, പലിശയും പിഴപലിശ ഉൾപ്പെടെ കട ബാദ്ധ്യത എഴുതിത്തള്ളി പണയാധാരങ്ങൾ തിരിച്ച് നൽകുന്നതിന് 28/02/11 -ലെ സ.ഉ (എം.എസ്) 67/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഉത്തരവ് ആയിട്ടുണ്ട്. പട്ടിക വർഗ്ഗക്കാർ സർക്കാർ വകുപ്പുകൾ, സഹകരണ സംഘങ്ങൾ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31/03/06-ൽ കാലാവധി കഴിഞ്ഞതുമായ 25,000/- രൂപവരെയുള്ള വായ്പ എഴുതിത്തള്ളുന്നതിനും അതിനുമുകളിലുള്ള തുകയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കുന്നതിനും 12/11/09 - ലെ സ.ഉ. (അച്ചടി)100/09/പജപവവിവ നമ്പർ ഉത്തരവ് നിലവിലുണ്ട്. |
| (ബി) | ഈ ഇനത്തിൽ കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | കണ്ണൂർ ജില്ലയിൽ വില്ലേജ് ഹൗസിംഗ് സ്കീം പ്രകാരം 53 പേർക്കും റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം പ്രകാരം 168 പേർക്കും വായ്പ അനുവദിച്ചിട്ടുണ്ട്. 1346 പേർക്ക് ഭവന നിർമ്മാണ ബോർഡു മുഖേനയും നഗര കാര്യ വകുപ്പ് മുഖേന 440 പേർക്കും സഹകരണ വകുപ്പ് മുഖേന 7341 പേർക്കും 57 പട്ടികജാതിക്കാർക്കും 1679 പട്ടികവർഗ്ഗക്കാർക്കും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പു മുഖേന ഭവന നിർമ്മാണ വായ്പ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ